**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1620** **01-02-2024 - ൽ മറുപടിയ്ക്ക്**

**ചേറ്റുവ കോട്ടയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ചേറ്റുവ കോട്ടയുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ ചേറ്റുവ കോട്ടയുടെ സമഗ്ര സംരക്ഷണ പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി അതിർത്തികൾ നിർണയിക്കുകയും, കിടങ്ങുകളുടെ പുറംഭാഗം സംരക്ഷിക്കുന്നതിലേക്കായി ഭിത്തികൾ നിർമ്മിക്കുകയും ചെയ്തു. കോട്ടയിലേക്ക് കടക്കുന്നതിനായി നടപ്പാലവും സ്ഥാപിക്കുകയുണ്ടായി. |
| (ബി) | ചേറ്റുവ കോട്ട വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ചേറ്റുവ കോട്ട ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതിയുമായി സഹകരിക്കാൻ പുരാവസ്തു വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പുരാവസ്തു വകുപ്പും ജില്ലാ പഞ്ചായത്തും തമ്മിൽ ഏർപ്പെടേണ്ട കരാറിന്റെ കരട് പുരാവസ്തു വകുപ്പ് ഡയറക്ടറിൽ നിന്ന് 29.01.2024 ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ